**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജലവിതാനത്തിൽപ്പെട്ടുപോയ കർഷകരുടെ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളായണി കായലിലെ ജലവിതാനത്തിൽപ്പെട്ടുപോയ കർഷകരുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 13.04.2022-ന് പുറത്തിറക്കിയ സർക്കാർ ഉത്തരവ് 324/2022/ ജ.വി.വ. പ്രകാരം എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | 13.04.2022 ൽ പുറത്തിറക്കിയ സർക്കാർ ഉത്തരവ് 324/2022 - ജവിവ ഉത്തരവ് പ്രകാരം 6,32,12,751 രൂപ അനുവദിച്ചു. പ്രസ്തുത തുക നൽകി വസ്തു ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഡി.എൽ.എഫ്.സി 01/07/2024 ൽ എ.ഡി.എം ന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ റവന്യൂ അധികൃതർ ജലവിതാനത്തിൽപ്പെട്ട ഭൂമിയുടെ വില 3 കാറ്റഗറിയായി നിശ്ചയിച്ച് അവതരിപ്പിച്ചു. എന്നാൽ ഈ തുക അംഗീകരിക്കുവാൻ ഭൂവുടമകൾ തയ്യാറായില്ല. നിലവിലുള്ള മാർക്കറ്റ് വില നൽകണമെന്നാവശ്യപ്പെട്ട് അവർ പ്രതിഷേധം ഉയർത്തി. സെന്റ് 1 ന് ഒരു ലക്ഷം, ഒന്നര ലക്ഷം രൂപ വീതം തുക നൽകണമെന്ന് അവശ്യപ്പെട്ടു. അതനുസരിച്ച് അവരവരുടെ ആവശ്യങ്ങൾ എഴുതി നൽകുവാൻ റവന്യൂ അധികൃതർ നിർദ്ദേശം നൽകുകയും ആയത് കളക്ട് ചെയ്യുകയും ചെയ്തു. കൂടാതെ കുറച്ച് പേർ റവന്യൂ അധികൃതർ നിശ്ചയിച്ച വിലയ്ക്ക് വസ്തു നൽകുവാൻ തയ്യാറാകുകയും ചെയ്തു.<br>നിലവിൽ, റീകാൽക്കുലേറ്റ് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ വെള്ളായണി കായൽ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ പട്ടയ ഭൂമി കർഷകരുടെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിന് ആകെ ₹65,24,05,526/- രൂപ ആവശ്യമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 13.04.2022 ലെ സ.ഉ(ആർ.റ്റി) നമ്പർ 324/2022/WRD പ്രകാരം 4702-00-101-65-01-MI Class II H.K(PV) ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള ₹6,32,12,751/- രൂപ കഴിച്ച് ബാക്കി ₹58,91,92,775/- രൂപ അനുവദിക്കേണ്ടതുണ്ട്. ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ വില അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഭൂമി ഏറ്റെടുക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | 13.04.2022 ൽ പുറത്തിറക്കിയ സർക്കാർ ഉത്തരവ് 324/2022 - ജവിവ ഉത്തരവ് പ്രകാരം 6,32,12,751 രൂപ അനുവദിച്ചു. പ്രസ്തുത തുക നൽകി വസ്തു ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഡി.എൽ.എഫ്.സി 01/07/2024 ൽ എ.ഡി.എം ന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ റവന്യൂ അധികൃതർ ജലവിതാനത്തിൽപ്പെട്ട ഭൂമിയുടെ വില 3 കാറ്റഗറിയായി നിശ്ചയിച്ച് അവതരിപ്പിച്ചു. എന്നാൽ ഈ തുക അംഗീകരിക്കുവാൻ ഭൂവുടമകൾ തയ്യാറായില്ല. നിലവിലുള്ള മാർക്കറ്റ് വില നൽകണമെന്നാവശ്യപ്പെട്ട് അവർ പ്രതിഷേധം ഉയർത്തി. സെന്റ് 1 ന് ഒരു ലക്ഷം, ഒന്നര ലക്ഷം രൂപ വീതം തുക നൽകണമെന്ന് അവശ്യപ്പെട്ടു. അതനുസരിച്ച് അവരവരുടെ ആവശ്യങ്ങൾ എഴുതി നൽകവാൻ റവന്യൂ അധികൃതർ നിർദ്ദേശം നൽകുകയും ആയത് കളക്ട് ചെയ്യുകയും ചെയ്തു. കൂടാതെ കുറച്ച് പേർ റവന്യൂ അധികൃതർ നിശ്ചയിച്ച വിലയ്ക്ക് വസ്തു നൽകവാൻ തയ്യാറാകുകയും ചെയ്തു.<br>നിലവിൽ, റീകാൽക്കുലേറ്റ് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ വെള്ളായണി കായൽ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ പട്ടയ ഭൂമി കർഷകരുടെ സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകുന്നതിന് ആകെ ₹65,24,05,526/- രൂപ ആവശ്യമാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 13.04.2022 ലെ സ.ഉ(ആർ.റ്റി) നമ്പർ 324/2022/WRD പ്രകാരം 4702-00-101-65-01-MI Class II H.K(PV) ശീർഷകത്തിൽ വകയിരിത്തിയിട്ടുള്ള ₹6,32,12,751/- രൂപ കഴിച്ച് ബാക്കി ₹58,91,92,775/- രൂപ അനുവദിക്കേണ്ടതുണ്ട്.<br>ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ വില അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ